**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 188** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിൽ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് പുതിയ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ആയതിലേയ്ക്കായി ഏതൊക്കെ ആരോഗ്യകേന്ദ്രങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഇരിക്കൂർ മണ്ഡലത്തിൽ കൂട്ടുമുഖം സാമൂഹി കാരോഗ്യകേന്ദ്രത്തെയാണ് ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് തെരെഞ്ഞെടുത്തിരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ സ്ഥല ലഭ്യതക്കുറവുമൂലം ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക പട്ടികയിൽ പ്രസ്തുത സ്ഥാപനം ഉൾപ്പെട്ടിട്ടില്ല. |
| (ബി) | ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ 140 നിയോജക മണ്ഡല ങ്ങളിലും 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടത്തിൽ 90 ആശുപത്രികളിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ നിർമ്മാണ ഏജൻസിയായ M/s .തൃശ്ശൂർ ജില്ല ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി -ക്ക് നാല് ഘട്ടമായി 73 ആശുപത്രികളുടെ പ്രവർത്തി ഉത്തരവ് നിർവ്വഹണ ഏജൻ സിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട്. ഇതിൽ ആദ്യം പ്രവർത്തി ഉത്തരവ് നൽകിയ 22 സൈറ്റുകളിൽ നിർമ്മാണ പ്രവർത്തി ദ്രുത ഗതിയിൽ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ആദ്യം പ്രവർത്തി ഉത്തരവ് നൽകിയ 22 സൈറ്റുകളിൽ പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം 2022 ഓഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ